**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1701** **08/06/2018-ൽ മറുപടിയ്ക്ക്**

# വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗൺ നിർമ്മിക്കുന്നതിന് കൃഷിവകുപ്പിന്റെ സ്ഥലം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ. രാജൻ** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) തൃശ്ശൂർ താലൂക്കിൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗൺ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന്റെ സ്ഥലം വിട്ട് നൽകുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) ആയതിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ? | (ബി) തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ നിയോജക മണ്ഡലത്തിലെ കണ്ണാറയിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥലത്ത് ബനാന-ഹണി അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനാൽ പ്രസ്തുത സ്ഥലം ഗോഡൗൺ നിർമ്മിക്കുന്നതിന് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് വിട്ടുനൽകാൻ നിർവ്വാഹമില്ലെന്ന വിവരം 27/03/2018-ലെ കത്ത് പ്രകാരം കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**